(സി) തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക്കിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 18-8-2014-ലെ ജി.ഒ. (ആർടി.) നമ്പർ 2811/2014/ആ.കു.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം 195 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 25-3-2013-ലെ ജി.ഒ.(ആർടി.) നമ്പർ 1070/2013/ആ.കു.വ പ്രകാരം മൂന്നുനില കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച 375.75 ലക്ഷം രൂപയുടെ തുടർച്ചയായാണ് ടി തുക അനുവദിച്ചിട്ടുള്ളത്. ടി ക്ലിനിക്കിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപ്പുവർഷം 24 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള വന്ധ്യതാ ക്ലിനിക്കുകളുടെ ഉന്നമനത്തിനായി 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ചതുക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

സ്വകാര്യ പരിശോധനാലാബുകളുടെ രജിസ്ട്രേഷനും ഗുണനിലവാര പരിശോധനയും

45 (737) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ പരിശോധനാലാബുകളുടെ രജിസ്ട്രേഷൻ, അവയുടെ ഗുണനിലവാര പരിശോധന എന്നിവയ്ക്ക് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തൊട്ടാകെ എത്ര സ്വകാര്യലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) സ്വകാര്യലാബുകൾ അമിത നിരക്ക് ഈടാക്കുന്നു, ശുചിത്വമില്ല, പരിശോധനാഫലം കൃത്യമല്ല തുടങ്ങിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന പരിഹാര നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ പരിശോധനാ ലാബുകൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം. അൾട്രാസൗണ്ട് സ്കാനിംഗ് സെന്ററുകൾ പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം. എക്സ്റേ യൂണിറ്റുകൾ ഡിപ്പാർട്ടുമെന്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇത്തരം ലാബുകളുടെ ഗുണനിലവാര പരിശോധന അതാത് പ്രദേശത്തെ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യ വകുപ്പിൽ കണക്ക് ലഭ്യമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും സെയ്ഫ് കേരള കാമ്പയിൻ പ്രകാരവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യവകുപ്പ് സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചുപൂട്ടുകയോ ചെയ്യുവരുന്നു. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലബോറട്ടറികൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്ക് വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' എന്നൊരു ബിൽ നിയമമാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

46 (738) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികയില്ലാത്ത ഏക താലൂക്ക് ആശുപത്രി എന്ന വസ്തുത കണക്കിലെടുത്ത് അടിയന്തരമായി തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കാഷ്വാൽറ്റി സൗകര്യം ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് വിവിധ പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലുമായി ധാരാളം പോസ്റ്റുകൾ ആശുപത്രികളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിരുന്നു. വീണ്ടും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്തുത വാഗ്ദാനം നടപ്പാക്കാനായില്ല. ജോലിഭാരം കുറഞ്ഞ ആശുപത്രികളിൽനിന്നും അവിടുത്തെ ഒ.പി./ഐ.പി. ആവശ്യകത വിലയിരുത്തിയശേഷം താലൂക്ക് ആശുപത്രികളിലേയ്ക്ക് ഡോക്ടർമാരുടെ കുറയുന്നതു തസ്തികകൾ റീ-ഡിപ്ലോയ് ചെയ്യുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാനാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly